DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12.02.2019

## കാർഷികമേഖലാവാർത്തകൾ

## ഉണർവ്വ് 2019

കൊല്ലം ആത്മ, കൃഷി വകുപ്പ്, കുടുംബശ്രീ, കെവികെ കൊല്ലം, കൊല്ലം കോർപ്പറേഷൻ, മറ്റ് അനുബന്ധവകുപ്പുകൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാതല കിസാൻമേള **ഉണർവ്വ് 2019** ഫെബ്രുവരി 13,14,15 തീയതികളിൽ കടപ്പാക്കട സ്പോർസ് ക്ലബ്ബിൽ നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്ന ഉണർവ്വ് മേളയിൽ എൻ. കെ. പ്രേമചന്ദ്രൻ എം.പി, എം. നൗഷാദ് എം.എൽ.എ, കൊല്ലം മേയർ വി. രാജേന്ദ്രബാബു, കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി തുടങ്ങിയവർ പങ്കെടുക്കുന്നു. മേളയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറിസ്, കുടുംബശ്രീ മിഷൻ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ, കർഷക ഗ്രൂപ്പുകൾ എന്നിവർക്ക് അവരുടെ പ്രവർത്തനങ്ങൾ, പുത്തൻ കണ്ടെത്തലുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന സെമിനാറുകളും, പ്രശ്നപരിഹാര ചോദ്യോത്തരവേദികളും, നൂതന സാങ്കേതികവിദ്യ പ്രദർശനങ്ങളും കലാപരിപാടികളും മേളയുടെ

ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൊല്ലം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ മികച്ച ഇനം നടീൽ വസ്തുക്കളുടേയും ജൈവഉൽപ്പന്നങ്ങളുടേയും വിപണനവും ഉണ്ടായിരിക്കുന്നതാണ്. പ്രദർശനസ്റ്റാളുകളിൽ കർഷക കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സൗകര്യം ആവശ്യമുള്ളവർ കൊല്ലം ആത്മ ഓഫീസുമായി 0474-2792080 എന്ന നമ്പരിൽ ബന്ധപ്പെടുക. രാവിലെ 10 മുതൽ വൈകുന്നേരം 8 മണി വരെ നടത്തുന്ന പ്രദർശനത്തിലേയ്ക്ക് പ്രവേശനം സൗജന്യമായിരിക്കും.

## അറിയിപ്പ്

അകലക്കുന്നം ഗ്രാമപഞ്ചായത്ത് 2018-2019 ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള പരിശീലനം ഇന്ന് രാവിലെ 10 മണിയ്ക്ക് അകലക്കുന്നം ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ഗുണഭോക്താക്കളും യോഗത്തിൽ പങ്കെടുക്കണമെന്ന് മറ്റക്കര വെറ്ററിനറി ഡിസ്പെൻസറിയിലെ സർജൻ അറിയിച്ചു.

## മോഡൽ പഞ്ചായത്ത്

മൃഗസംരക്ഷണ മേഖലയിലെ സജീവസാന്നിധ്യമായ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിനെ കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ മോഡൽ പഞ്ചായത്ത് പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തായി തിരഞ്ഞെടുത്തു. ഓരോ ജില്ലയിലെയും ഓരോ പഞ്ചായത്തുകളിൽ ഒരു പ്രത്യേക മേഖലയെ സ്വയം പര്യാപ്തതയിൽ

എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മോഡൽ പഞ്ചായത്ത് നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ പക്ഷിമൃഗാദികളുടെ സംരക്ഷണ പ്രവർത്തനങ്ങളിലുള്ള അവബോധം വളർത്തുന്നതിനും സ്വന്തമായി വരുമാനം ഉറപ്പു വരുത്തുന്നതിനും പോഷകാഹാര ലഭ്യത ഉയർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നും യു.പി വിഭാഗത്തിലെ 750 വിദ്യാർഥികളെ ഉൾപ്പെടുത്തി സ്കൂൾ പൗൾട്രി ക്ലബ് രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പഞ്ചായത്തിനെ മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 2019 ഫെബ്രുവരി 14 വ്യാഴാഴ്ച രാവിലെ 9 മണിയ്ക്ക് ആനാവൂർ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് വനം വന്യജീവി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു. ഉദ്ഘാടന സമ്മേളനത്തിൽ പാറശ്ശാല എം.എൽ.എ. സി.കെ ഹരിന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ഭാവി തലമുറയെ വാർത്തെടുക്കുക എന്ന മഹനീയ ലക്ഷ്യവുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയുടെ ഉദ്ഘാടനത്തിലേയ്ക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. കൂടാതെ ഇതോടനുബന്ധിച്ച് മൃഗസംരക്ഷണ പ്രവരത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നു.

## പരിശീലനം

കുടപ്പനക്കുന്ന് കൃഷിഭവനിൽ **തെങ്ങ് കൃഷിയും വേനൽകാല പരിചരണ മുറയും** എന്ന വിഷയത്തിൽ ഇന്ന് വൈകുന്നേരം 4 മണിയ്ക്ക്

പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ കുടപ്പനക്കുന്ന് കൃഷിഭവനുമായി ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിക്കുന്നു

കൃഷിവകുപ്പിന്റെ കീഴിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന കാർഷിക സേവന കേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള ഫെസിലിറ്റേറ്റർ തസ്തികയിലേക്ക് റിട്ടയേർഡ് കൃഷിഓഫീസർ/ കൃഷി അസിസ്റ്റന്റ് അല്ലെങ്കിൽ ബി.ടെക്ക് അഗ്രിക്കൾച്ചർ എൻജിനീയറിംഗ്/ ബി.എസ്.സി അഗ്രി അല്ലെങ്കിൽ ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ സയൻസ്/മെക്കാനിക്കൽ എൻജിനീയർ 3 വർഷം പ്രവർത്തിപരിചയം, അല്ലെങ്കിൽ വി.എച്ച്.എസ്.ഇ അഗ്രിക്കൾച്ചർ, 5 വർഷം പ്രവർത്തി പരിചയം തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായിരിക്കണം. സ്ഥിരതാമസ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അപേക്ഷയും വിശദമായ ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ മാസം 18ന് 10 മണിക്ക് നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്.